**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 80** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ Structural drawing-നെ അടിസ്ഥാനപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റുകൾ അംഗീകാരത്തിനായി കിഫ്ബിയിലും Technical Committee members-നും പദ്ധതി നിർവ്വഹണ ഏജൻസിയായ ഇമ്പാക്ട് കേരള സമർപ്പിച്ചിരുന്നു. കിഫ്ബിയിൽ നിന്നും ടെക്നിക്കൽ കമ്മിറ്റിയിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള തിരുത്തലുകൾ വരുത്തുവാൻ നഗരസഭയ്ക്കും നഗരസഭ നിയോഗിച്ച കൺസൾട്ടന്റിനും പദ്ധതി നിർവ്വഹണ ഏജൻസി നൽകിയെങ്കിലും Electrical, Fire, HVAC, ELV എന്നീ വിഭാഗങ്ങളിൽ കിഫ്ബിയിൽ നിന്നും നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തുവാൻ കൺസൾട്ടന്റ് തയ്യാറായിട്ടില്ല. ടി തിരുത്തലുകൾ കൂടി വരുത്തിയാൽ മാത്രമേ estimate finalize ചെയ്ത് പദ്ധതിക്ക് പുതുക്കിയ സാമ്പത്തികാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭ്യമാക്കാൻ കഴിയു. സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അന്തിമമാക്കി Technical Committee members-നു പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടികളാണ് അവശേഷിക്കുന്നതെന്ന് അറിയിക്കുമോ; പ്രവൃത്തി എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**